I/370090/2023

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയം**
**തൈക്കാട്, തിരുവനന്തപുരം-14.**

വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം- 0471-2323960

ഇ-മെയിൽ : director.ims@kerala.gov.in,cru.ims@kerala.gov.in

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വിഷയം :- ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് -ജീവനക്കാര്യം- ഓൺലൈൻ മുഖേനയുള്ള പൊതുസ്ഥലംമാറ്റം 2023- ആക്സിലറി നഴ്സ് മിഡ്വൈഫ് തസ്തികയുടെ പൊതുസ്ഥലംമാറ്റ അന്തിമ പട്ടികയിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)സ.ഉ(പി)നം3/2017/ഉ ഭ പ വ തീയതി 25/02/2017

2) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 27/03/2023ലെ ഇ2-706/2023/ഡി ഐ എം എസ്1 നമ്പർ സർക്കുലർ

3)ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 09/05/2023 ലെ ഇ4-1531/2023/ഡി ഐ എം എസ് നമ്പർ ഉത്തരവ്.

4)ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 02/06/2023 ലെ ഇ4-1531/2023/ഡി ഐ എം എസ് നമ്പർ ഉത്തരവ്.

..................

**ഉത്തരവ് നമ്പർ – ഇ4-1531/2023/ ഡി ഐ എം എസ് തീയതി03-06-2023**

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം നടത്തുന്നതിന്റെ ഭാഗമായി ജീവനക്കാർ SPARK മുഖേന സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ SPARK-ൽ നിന്നും ജനറേറ്റ് ചെയ്ത ,വകുപ്പിലെ ആക്സിലറി നഴ്സ് മിഡ്വൈഫ് തസ്തികയുടെ പൊതുസ്ഥലംമാറ്റ അന്തിമ പട്ടിക പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി അന്തിമ പട്ടികയിൽ സീരിയൽ നമ്പർ 1 ആയി പേരൂർക്കട ഇ എസ് ഐ ഡിസ്പെൻസറിയിൽ നിന്ന് പാരിപ്പള്ളി ഇ എസ് ഐ ഡിസ്പെൻസറിയിലേക്ക് ട്രാൻസ്ഫർ ലഭിച്ചിട്ടുള്ള ശ്രീമതി.ഗീതാകുമാരി.എസ്-നെ, ടിയാൾക്ക് വിരമിക്കുന്നതിന് 2 വർഷത്തിൽ കുറഞ്ഞ കാലയളവ് സർവീസ് മാത്രമേ ബാക്കിയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ തന്നെ നിലനിർത്തുന്നതിനായി ടി പൊതുസ്ഥലംമാറ്റ അന്തിമ പട്ടിക പ്രകാരമുള്ള ടിയാളുടെ ട്രാൻസ്ഫർ റദ്ദ് ചെയ്ത്കൊണ്ടും ടി പൊതുസ്ഥലംമാറ്റ അന്തിമ പട്ടിക പ്രകാരം ഒഴിവ് വന്നിട്ടുള്ള ചാക്ക ഇ എസ് ഐ ഡിസ്പെൻസറിയിലേക്ക് ടിയാളെ ട്രാൻസ്ഫർ ചെയ്ത് കൊണ്ടും ടി അന്തിമ പട്ടികയിൽ സീരിയൽ നം.14 ആയി കൊല്ലത്തെ കേരളപുരം ഇ എസ് ഐ ഡിസ്പെൻസറിയിൽ നിന്ന് കോട്ടയത്തെ ഏറ്റുമാനൂർ ഡിസ്പെൻസറിയിലേക്ക് ട്രാൻസ്ഫർ ലഭിച്ചിട്ടുള്ള ശ്രീമതി.ബിജി.കെ.പി ആക്സിലറി നഴ്സ് മിഡ്വൈഫ് ഗ്രേഡ് II ആണെന്നിരിക്കെ ബന്ധപ്പെട്ട സ്ഥാപനത്തിലെ ഡി ഡി ഒ ടിയാളുടെ തസ്തിക ആക്സിലറി നഴ്സ് മിഡ്വൈഫ് ഗ്രേഡ് I എന്ന് തെറ്റായിട്ടാണ് അപ്പ്ഡേറ്റ് ചെയ്തിരുന്നതിനാൽ ടിയാൾക്ക് അർഹതയില്ലാത്ത അന്തർജില്ലാ സ്ഥലംമാറ്റമാണ്

ലഭിച്ചിട്ടുള്ളതെന്ന് വിശദമായ പരിശോധനയിൽ വ്യക്തമായതിനാൽ പരാമർശം 4 പ്രകാരം ടിയാൾക്ക് ലഭിച്ചിട്ടുള്ള ട്രാൻസ്ഫർ റദ്ദ് ചെയ്ത്കൊണ്ടും ശ്രീമതി.ഗീതാകുമാരിയുടെ പരാമർശം 4 പ്രകാരമുള്ള ട്രാൻസ്ഫർ റദ്ദ് ചെയ്യുമ്പോൾ പാരിപ്പള്ളി ഇ എസ് ഐ ഡിസ്പെൻസറിയിൽ വരുന്ന എ എൻ എം-ന്റെ ഒഴിവിലേക്ക് ശ്രീമതി.ബിജി.കെ.പി യെ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

മേൽ സൂചിപ്പിച്ചിട്ടുള്ള ഭേദഗതികളോടെ പരാമർശം 4 പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.പൊതുസ്ഥലംമാറ്റം അന്തിമ പട്ടിക പ്രകാരം സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിച്ചതും സംബന്ധിച്ച വിവരങ്ങൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

MALINI S

DIRECTOR OF INSURANCE MEDICAL SERVICES

Signed by
Malini S
Date: 03-06-2023 12:33:18

(ഒപ്പ്)

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,ദക്ഷിണ മേഖല,കൊല്ലം /മദ്ധ്യ മേഖല,എറണാകുളം/ഉത്തര മേഖല,കോഴിക്കോട്.
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾ.
3) സീനിയർ എ ഒ/സീനിയർ എഫ് ഒ/ജോയിന്റ് ഡയറക്ടർ/ഡയറക്ടറുടെ സി എ
4) ഫയൽ/സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്.